പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2426 — 19-6-2013-ൽ മറുപടിക്ക്

## ജലനിധി പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി.<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ.<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി കഴിഞ്ഞോ; അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) ജലനിധി പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി കഴിഞ്ഞു. 3694 ചെറുകിട പദ്ധതികളും 16 ബൃഹത് പദ്ധതികളും പൂർത്തീകരിച്ചു. ഇതിലൂടെ ഏകദേശം 11 ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി 68.023 പുതിയ കുളുസുകളും 13,304 മഴവെള്ള സംഭരണികളും നിർമ്മിച്ചു. 112 ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി പ്രയോജനം ലഭിച്ചു. |
| (ബി) രണ്ടാം ഘട്ട പ്രവർത്തനങ്ങൾ എത്ര പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്; മൊത്തം എത്ര പഞ്ചായത്തുകളെ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വിവിധ ബാച്ചുകളിലായി 200 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ബാച്ച് 1 ൽ 22 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം നടന്നു വരുന്നു. ബാച്ച് 2 ൽ 68 പഞ്ചായത്തുകളിൽ തെരഞ്ഞെടുത്തുവെങ്കിലും 65 പഞ്ചായത്തുകൾ മാത്രമാണ് കരാർ ഒപ്പിട്ട് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്. മാള മൾട്ടി ജി.പി. പദ്ധതിയിൽ ഉൾ പ്പെടുത്തി 6 ഗ്രാമപഞ്ചായത്തുകളിലും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇനിയും കുടിവെള്ള പദ്ധതികളുടെ പരിധിയിൽ വരാത്ത പ്രദേശങ്ങളുണ്ടോ; അത്തരം പ്രദേശങ്ങളെ കണ്ടെത്തി കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ? | (സി) | തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ അവശ്യാധിഷ്ഠിതമായാണ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. പരിധിയിൽ വരാത്ത പ്രദേശങ്ങൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ